**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - 2023 മെയ്, ജൂൺ മാസങ്ങളിലെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ (സാധാ) നം.5946/2023/ധനം** **തീയതി, തിരുവനന്തപുരം, 11/08/2023**

പരമർശം :- 1) സ. ഉ. (സാധാ) നം.5274/2023/ധന തീയതി:13.07.2023

2) സ. ഉ. (എം.എസ്) നം.133/2022/ധന തീയതി:29.07.2022

**<u>ഉത്തരവ്</u>**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ മാസത്തിലെ പെൻഷൻ സൂചന (1) പ്രകാരം അനുവദിക്കുകയുണ്ടായി. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ 674245 ഗുണഭോക്താക്കൾക്ക് **2023 മെയ്** മാസത്തിലെ പെൻഷൻ നൽകുന്നതിനായി **105,79,28,600/-രൂപയും** 676340 ഗുണഭോക്താക്കൾക്ക് **2023 ജൂൺ** മാസത്തിലെ പെൻഷൻ നൽകുന്നതിനായി **106,11,94,900/-രൂപയും** ഉൾപ്പെടെ ആകെ **211,91,23,500/- രൂപ** ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 674245 ഗുണഭോക്താക്കൾക്ക് **2023 മെയ്** മാസത്തിലെ പെൻഷൻ നൽകുന്നതിനായി **1057928600/-രൂപയും** 676340 ഗുണഭോക്താക്കൾക്ക് **2023 ജൂൺ** മാസത്തിലെ പെൻഷൻ നൽകുന്നതിനായി **1061194900/-രൂപയും** ചേർത്ത് ആകെ **211,91,23,500/- രൂപ** (ഇരുനൂറ്റി പതിനൊന്നു കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി ഇരുപത്തിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്/ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് പ്രത്യേകമായി നിർദേശം സമർപ്പിക്കേണ്ടതില്ല.

3. 2023 **മെയ്, ജൂൺ** മാസങ്ങളിലെ പെൻഷൻ (വാർദ്ധക്യകാല/ റിട്ടയർമെന്റ്) വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. അവശതാ/കുടുംബ/ മറ്റ് പെൻഷൻ, കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല. കഴിഞ്ഞ മാസത്തെ പെൻഷൻ തുകയിൽ വിതരണം ചെയ്യാത്ത തുക യഥാസമയം തിരിച്ചടച്ചിട്ടില്ലാത്ത പക്ഷം സൂചന (2) -ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കും.

4. ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം **2023 ആഗസ്റ്റ്** 14 ന് ആരംഭിക്കേണ്ടതും **2023 ആഗസ്റ്റ് 23** –നകം വിതരണം പൂർത്തിയാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള **110110801000251 നമ്പർ (IFS Code KSBK0000101)** അക്കൗണ്ടിൽ 2023 ആഗസ്റ്റ് 31 നകം തിരിച്ചടയ്ക്കുന്നുവെന്ന് എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ്. കൂടാതെ, ഒരു ഗുണഭോക്താവ് ഒന്നിലധികം ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി. അനിൽ പ്രസാദ്**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ധനകാര്യ(എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ല്യു.എ ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-2412214/എസ്.എഫ്.സി.ബി3/23/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ക്ഷേമനിധി ബോർഡ് | ഗുണ ഭോക്താക്കളുടെ എണ്ണം (2023 മെയ്) | ഗുണഭോക്താക്കളുടെ എണ്ണം (2023 ജൂൺ) | 2023 മെയ് മാസത്തേക്ക് അനുവദിക്കേണ്ട തുക | 2023 ജൂൺ മാസത്തേക്ക് അനുവദിക്കേണ്ട തുക | അനുവദിക്കേണ്ട എസ്.റ്റി. എസ് .ബി/ബാങ്ക്, ഐ.എഫ്.എസ്.സി, അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 16659 | 17021 | 26654400 | 27233600 | 799011400005224, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 2 | കർഷക പെൻഷൻ | 250000 | 250000 | 400000000 | 400000000 | എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347 |
| 3 | മത്സ്യ തൊഴിലാളി | 68774 | 68774 | 110038400 | 110038400 | സബ് ട്രഷറി, തൃശ്ശൂർ,Special TSB A/c No. 713021400000017 |
| 4 | ക്ഷീര കർഷക പെൻഷൻ* | 56163 | 56348 | 73011900 | 73252400 | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 |
| 5 | ലോട്ടറി തൊഴിലാളി | 6389 | 6477 | 10222400 | 10363200 | ഫെഡറൽ ബാങ്ക് , സ്റ്റാച്യൂ ശാഖ, FDRL0001030, 10300100427691 |
| 6 | കയർ തൊഴിലാളി | 77864 | 78436 | 124582400 | 125497600 | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 |
| 7 | ഖാദി തൊഴിലാളി | 577 | 578 | 923200 | 924800 | STSB:701011400000114 ജില്ലാ ട്രഷറി, തിരുവനന്തപുരം |
| 8 | ട്രേഡേഴ്സ് വെൽഫെയർ* | 13365 | 13459 | 17374500 | 17496700 | CA-SIB No.0089073000061281 സൗത്ത് ഇന്ത്യൻ ബാങ്ക്, ചാല ബ്രാഞ്ച്, തിരുവനന്തപുരം |
| 9 | ചുമട്ടു തൊഴിലാളി | 4784 | 4792 | 7654400 | 7665200 | KLGB0040537, 40537101007480 |
| 10 | ആഭരണ തൊഴിലാളി | 876 | 910 | 1401600 | 1456000 | STSB: 799011400005233, ജില്ലാ ട്രഷറി, തിരുവനന്തപുരം |
| 11 | ചെറുകിട തോട്ടം തൊഴിലാളി | 758 | 775 | 1212800 | 1240000 | കാനറാ ബാങ്ക്, കോട്ടയം, CNRB0001523, 1523132000007 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 11331 | 11383 | 18129600 | 18212800 | സബ് ട്രഷറി , അങ്കമാലി, 799011400007726 |
| 13 | ബീഡി & സിഗാർ തൊഴിലാളി** | 3505 | 3616 | 5603000 | 5780600 | കേരള ബാങ്ക് കണ്ണൂർ KSBK0000014, 014120123003026 |
| 14 | തയ്യൽ തൊഴിലാളി | 91582 | 91745 | 146531200 | 146792000 | ഐ സി ഐ സി ഐ, പട്ടം, ICIC0001177, 117701000668 |
| 15 | കൈത്തറി തൊഴിലാളി | 8861 | 8909 | 14177600 | 14254400 | A/C No. 173512801000592, കേരള ബാങ്ക്, മെയിൻ ബ്രാഞ്ച്, കണ്ണൂർ, KSBK0001735 |
| 16 | കശുവണ്ടി തൊഴിലാളി | 62757 | 63117 | 100411200 | 100987200 | എസ് ബി ഐ ബീച്ച് റോഡ്, കൊല്ലം, SBIN0070279, 57005949949 |
| | **ആകെ** | **674245** | **676340** | **1057928600** | **1061194900** | |
| | ആകെ വിതരണം ചെയ്യേണ്ട തുക | | | **2119123500** | | |

*ഒരു ഗുണഭോക്താവിന് 1,300 രൂപ നിരക്കിൽ

**5 പേർക്ക് 600 രൂപ നിരക്കിൽ